പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1644 — 21.03.2012- ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ കന്നുകാലി കാനേഷുമാരി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എം.പി.അബ്ദുസ്സമദ് സമദാനി;<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി;<br>ശ്രീ കെ. എം. ഷാജി;<br>ശ്രീ. എം. ഉമ്മർ ; | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |

(എ) സംസ്ഥാനത്തെ കന്നുകാലി കാനേഷുമാരിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(എ) 2007-ൽ നടന്ന 18-ാമത് കന്നുകാലി കാനേഷുമാരിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 2012-ൽ നടത്തേണ്ട 19-ാമത് കന്നുകാലി കാനേഷുമാരിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ;

(ബി) 2007-ൽ നടന്ന 18-ാമത് കന്നുകാലി കാനേഷുമാരിയുടെ കണ്ടെത്തലുകളിൽ മുഖ്യമായവ താഴെ പറയുന്നു.

| ക്രമ നം. | വിഭാഗം | എണ്ണം |
|---|---|---|
| 1 | നാടൻപശു | 1,18,872 |
| 2 | സങ്കരയിനം പശു | 16,21,245 |
| 3 | എരുമ | 58,145 |
| 4 | ചെമ്മരിയാട് | 965 |
| 5 | ആട് | 17,29,127 |
| 6 | കുതിര | 51 |
| 7 | കഴുത | 30 |
| 8 | പന്നികൾ | 59,017 |
| 9 | പട്ടികൾ | 8,58,622 |
| 10 | കോഴി | 1,18,20,376 |
| 11 | താറാവ് | 8,65,331 |
| 12 | മറ്റ് കോഴി വർഗ്ഗം | 4,07,841 |
| 13 | മുയൽ | 1,51,552 |

(സി) കഴിഞ്ഞ കാനേഷുമാരിയിലെ വിവരങ്ങളും അവസാന കാനേഷുമാരിയിലെ വിവരങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ;

(സി) ഉണ്ട്

(ഡി) സംസ്ഥാനത്ത് പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാനേഷുമാരിയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നുണ്ടോ;

(ഡി) ഉണ്ട്. 2007-ലെ കന്നുകാലി കാനേഷുമാരിയ്ക്ക് മുൻപ് 2003-ലാണ് കന്നുകാലി കാനേഷുമാരി നടത്തിയത്. 2003-ലെ കന്നുകാലി കാനേഷുമാരി അനുസരിച്ച് ആകെ പശുക്കളുടെ എണ്ണം 21,22,453 ആയിരുന്നു. ഇത് 2007-ലെ കന്നുകാലി കാനേഷുമാരി അനുസരിച്ച് 17,40,117 ആയി. 3,82,336 എണ്ണത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. (അതായത് 18.01 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.)

(ഇ) പശു വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളെന്തെല്ലാമെന്നും ഈ പദ്ധതികൾക്കു വേണ്ടി കഴിഞ്ഞ അഞ്ചു വർഷക്കാലം എത്ര തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ?

(ഇ) പശു വളർത്തൽ പ്രോത്സാഹിപ്പിയ്ക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

1. ഭക്ഷ്യസുരക്ഷ പദ്ധതിയിൻ കീഴിൽ മുട്ടയുടെയും പാലിന്റെയും ഉത്പാദന വർദ്ധവിനുള്ള പദ്ധതി

   (ഒറ്റത്തവണ അധിക കേന്ദ്രസഹായ പദ്ധതി- 10 കോടി രൂപ) 3,996 പശുക്കളെയും 7,992 ആടുകളെയും 39,960 കോഴികളെയും വിതരണം ചെയ്യുന്നു.

2. ഉപജീവനത്തിനുള്ള കന്നുകാലി വളർത്തൽ പദ്ധതി - 10 കോടി രൂപ

   3,996 പശുക്കളെയും,7,992 ആടുകളെയും ,39,960 കോഴികളെയും വിതരണം ചെയ്യുന്നു.

3. കന്നുകുട്ടി പരിപാലന പദ്ധതി - 9.3 കോടി രൂപ

4. വിദർഭ പദ്ധതി - 13.50 കോടി രൂപ (3 വർഷം)

5. കുട്ടനാട് പാക്കേജ് -

   2,000 പശുകളെ വിതരണം ചെയ്യും. 1,000 കന്നുകുട്ടികൾക്ക് തീറ്റ വിതരണം ചെയ്യും.

6. ഇടുക്കി പാക്കേജ്-1,000 പശുക്കളെ വിതരണം ചെയ്തു. 500 കിടാരികൾക്ക് തീറ്റ വിതരണം ചെയ്തു.

കഴിഞ്ഞ 5 വർഷം മേൽ പറഞ്ഞ പദ്ധതികൾക്ക് വിതരണം ചെയ്ത തുക ചുവടെ ചേർക്കുന്നു.

1 സംയോജിത കന്നു കാലി വികസന പദ്ധതി (ഒറ്റത്തവണ അധിക കേന്ദ്രസഹായ പദ്ധതി)

ഈ പദ്ധതി 2008-09,2010-11 കാലയളവിൽ നടപ്പിലാക്കിയ പദ്ധതിയാണ്. ഈപദ്ധതിയിലൂടെ 6,860 കർഷകർക്ക് പ്രയോജനം ലഭിച്ചു. 4,500 കറവ പശുകൾ , 2,360 എരുമകൾ

2. ഉപജീവനത്തിനുള്ള കന്നുകാലി വളർത്തൽ പദ്ധതി -

കഴിഞ്ഞ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

3. കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതിയ്ക്കായി 4 വർഷം 31.61 കോടി രൂപ വിനിയോഗിക്കുകയും 1,09,374 കന്നുകുട്ടികൾക്ക് ഈ പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുകയും ചെയ്തു.

4. വിദർഭ പദ്ധതി

പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതിക്കായി മൊത്തം അടങ്കൽ തുകയായ 44.75 കോടി രൂപയിൽ 13.50 കോടി രൂപയാണ് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പശുക്കളെ വാങ്ങുന്നതിന് വിനിയോഗിച്ചത്. ഇതുകൂടാതെ ഈ പദ്ധതിയിൽ സൗജന്യ നിരക്കിൽ കാലിത്തീറ്റ വിതരണവും കന്നുകുട്ടി പരിപാലന പദ്ധതിയിൽ സൗജന്യ കൃത്രിമ ബീജധാനവും 9000 കറവ പശുക്കളിൽ നടപ്പിലാക്കി.

5. കുട്ടനാട് പാക്കേജ്-

കുട്ടനാട് പാക്കേജിൽ നടപ്പിലാക്കിയ പദ്ധതിക്കായി മൊത്തം അടങ്കൽ തുകയായ 6.69 കോടി രൂപയിൽ പശുവിനെ വാങ്ങുന്നതിന് 3 കോടി രൂപ നീക്കിവെച്ചിരുന്നു. 2,000 പശുക്കളെ വാങ്ങുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതിൽ 1,920 എണ്ണം വാങ്ങിയിട്ടുണ്ട്.

6. ഇടുക്കി പാക്കേജ് -

ഇടുക്കി പാക്കേജിൽ നടപ്പിലാക്കിയ പദ്ധതിക്ക് മൊത്തം അടങ്കൽ തുകയായ 18.19 കോടി രൂപയിൽ 2,000 പശുക്കളെ വാങ്ങുന്നതിന് 3 കോടി രൂപ നീക്കിവച്ചിരുന്നു. അതിൽ 1,000 പശുക്കളെ 1.5 കോടി രൂപ ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ